4-B6

I/600823/20

## അനുബന്ധം എച്ച് 4 നോട്ടീസ്

[എം ഡി പി 53 (4)-ാം ഖണ്ഡിക നോക്കുക]

ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടർ ആയ ശ്രീ. കെ.വിനോദ്-നെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർപത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റപത്രം 05.05.2024 തീയതിയിലും, പുതുക്കിയ കുറ്റപത്രം 24.06.2024 തീയതിയിലും യഥാക്രമം കൺട്രോളറുടെ 05.05.2024 ലെ LMD-HQ/492/2024-B6 നമ്പർ പ്രകാരവും കൺട്രോളറുടെ 24.06.2024 ലെ LMD-HQ/492/2024-B6 നമ്പർ പ്രകാരവും താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് കത്തുകൾ മുഖേന അയച്ചിരുന്നു. എന്നാൽ താങ്കൾക്ക് 05.05.2024 തീയതിയിൽ നൽകിയിരുന്ന കുറ്റപത്രം Addressee Refused എന്ന് രേഖപ്പെടുത്തി പോസ്റ്റൽ വകുപ്പിൽ നിന്നും തിരികെ ലഭിക്കുകയും, അതുപോലെ താങ്കൾക്ക് 24.06.2024 തീയതിയിൽ നൽകിയിരുന്ന കുറ്റപത്രം Unclaimed എന്ന് രേഖപ്പെടുത്തി പോസ്റ്റൽ വകുപ്പിൽ നിന്നും മടക്കി അയക്കുകയും ചെയ്തിരുന്നു. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ, വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും, അതിനനുസൃതമായി തുടർന്നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റപത്രത്തിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് കൺട്രോളർ, കൺട്രോളറുടെ കാര്യാലയം, ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകികൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിൻമേലോ നിശ്ചിത സമയത്തിനകം താങ്കൾക്ക് വാങ്ങാവുന്നതാണ്.

ശിക്ഷണ അധികാരിയുടെ തസ്തികയും മേൽവിലാസവും: കൺട്രോളർ, കൺട്രോളറുടെ കാര്യാലയം, ലീഗൽ മെട്രോളജി വകുപ്പ്, വൃന്ദാവൻ ഗാർഡൻസ് പട്ടം പാലസ്.പി.ഒ തിരുവനന്തപുരം- 695004.

27/7/24

കൺട്രോളർ,
ലീഗൽ മെട്രോളജി വകുപ്പ്

ശ്രീ. കെ.വിനോദ്,
ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി വകുപ്പ്.

CONTROLLER
KERALA, THIRUVANANTHAPURAM
LEGAL METROLOGY DEPARTMENT